# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5596      24.05.2017 - ൽ മറുപടിക്ക്

## ശ്രീമതി വി.എ.രാധാമണിയുടെ പ്രൊമോഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി. തോമസ്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | ഇടുക്കി ജില്ലയിലെ വല്ലച്ചിറ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സായി ജോലി ചെയ്തു വരുന്ന ശ്രീമതി വി.എ.രാധാമണിയുടെ പ്രൊമോഷൻ തടഞ്ഞു വയ്ക്കുവാനുള്ള കാരണം വിശദമാക്കാമോ; | എ) | ജില്ലാതല നിയമനം നേടിയ വ്യക്തികൾ അതേ തസ്തികയിൽ തുടർന്നു വരികെ അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങിയാൽ സ്ഥലംമാറ്റം നേടിയ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മാത്രമേ സീനിയോറിറ്റി കണക്കാക്കി പ്രൊമോഷൻ നൽകാൻ കെ.എസ്. & എസ്.എസ്.ആർ ഭാഗം II ചട്ടം 27 പ്രകാരം കഴിയുകയുള്ളൂ. ശ്രീമതി.വി.എ.രാധാമണി രണ്ടാംഗ്രേഡ് ജെ.പി.എച്ച്.എൻ ആയി കാസർഗോഡ് ജില്ലാതല നിയമനം മുഖേന 18.03.1993 മുതൽ ജോലിയിൽ പ്രവേശിച്ച തുടർന്നു വരവേ അതെ തസ്തികയിൽ തന്നെ അന്തർജില്ലാ സ്ഥലംമാറ്റം മുഖേന 05.10.1996-ന് ഇടുക്കി ജില്ലയിൽ ജോലിയിൽ പ്രവേശിക്കുകയുണ്ടായി. നിലവിലുള്ള ചട്ട പ്രകാരം രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ-ന്റെ സീനിയോറിറ്റി ലിസ്റ്റിൽ 05.10.1996 മുതലുള്ള സീനിയോറിറ്റിയ്ക്കു മാത്രമേ അർഹതയുള്ളൂ. എന്നാൽ 05.10.1996 മുതൽ ശ്രീമതി.വി.എ.രാധാമണിയ്ക്ക് സീനിയോറിറ്റി നിർണ്ണയിച്ചു നൽകുന്നതിനെതിരെയും കാസർഗോഡ് ജില്ലയിൽ ജോലിയിൽ പ്രവേശിച്ച 18.03.1993 മുതലുള്ള സീനിയോറിറ്റി അനുവദിച്ചു ലഭിക്കുന്നതിനുമായി ടിയാൾ ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ നം.2824/13-ാം നമ്പറായി കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൽ ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09.11.2016-ലെ |

| | | | |
|---|---|---|---|
| | | | വിധിന്യായം ശ്രീമതി.വി.എ.രാധാമണിയ്ക്ക് പ്രൊമോഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവാണെങ്കിലും പ്രസ്തുത വിധി കെ.എസ്. & എസ് എസ്.ആർ ഭാഗം II ചട്ടം 27-ന് വിരുദ്ധമാണെന്നു കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിധിയ്ക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറൽ ഓഫീസ് മുഖേന നടപടിക്രമങ്ങൾ ആരംഭിക്കുകയും ഉണ്ടായി. പ്രസ്തുത അപ്പീൽ കേസ്സിന്റെ വിധിന്യായത്തിനു വിധേയമായിട്ട് മാത്രമേ ടിയാൾക്ക് പ്രൊമോഷൻ നൽകാൻ കഴിയുകയുള്ളൂ. |
| ബി) | ടിയാളുടെ ജൂനിയറായ എത്രപേർക്ക് ഇതുവരെ പ്രൊമോഷൻ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; ഇങ്ങനെ പ്രൊമോഷൻ നൽകിയ എത്രപേരുടെ പേരിൽ സീനിയോറിറ്റി സംബന്ധിച്ച കേസ് നിലവിലുണ്ട്; വിശദാംശം നൽകുമോ; | ബി) | ഒരാൾക്ക്. ശ്രീമതി.ടി.കെ.ഇന്ദിരാമ്മയെ പ്രൊമോട്ട് ചെയ്യുവാനായി ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി ലഭിക്കുകയും ഈ കേസ് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ആരാഞ്ഞപ്പോൾ അപ്പീലിന് സാധ്യതയില്ല എന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലും കോടതി അലക്ഷ്യനടപടി ഒഴിവാക്കുന്നതിലേയ്ക്കുമായാണ് പ്രൊമോഷൻ നൽകിയത്. മേൽ പ്രൊമോഷൻ നൽകിയത് സംബന്ധിച്ച് കേസുകളൊന്നും നിലവിലില്ല. |
| സി) | ടിയാളുടെ സീനിയോറിറ്റി സംബന്ധിച്ച കോടതി വിധിയിൽ സർക്കാർ അപ്പീൽ പോയിട്ടുണ്ടോ; സമാനമായ മറ്റു കേസുകളിൽ അപ്പീൽ പോകാതെ ഈ കേസിൽ മാത്രം അപ്പീൽ പോകാനുള്ള കാരണം വിശദമാക്കാമോ; | സി) | ടിയാളുടെ സീനിയോറിറ്റി സംബന്ധിച്ച ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09.11.2016 ഒ.എ നം.2824/13-ാം നമ്പർ കേസ് വിധിന്യായത്തിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറൽ ഓഫീസ് മുഖേന നടപടിക്രമങ്ങൾ നടന്നു വരുന്നു. സമാനകേസുകളിലെല്ലാം തന്നെ അപ്പീൽ ഫയൽ ചെയ്യുന്നതിനു നടപടിക്രമങ്ങൾ നടന്നുവരികയാണ്. |

| | | | |
|---|---|---|---|
| ഡി) | ശ്രീമതി വി.എ.രാധാമണിയുടെ പ്രൊമോഷൻ സമയബന്ധിതമായി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | ഡി) | ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന അപ്പീൽ കേസിന്റെ വിധിന്യായത്തിനു വിധേയമായി ശ്രീമതി.വി.എ.രാധാമണിയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്. |

Milan

സെക്ഷൻ ഓഫീസർ